**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 844** | **06-12-2022 - ൽ മറുപടിയ്ക്ക്**

**തെയ്യം, തിറ കലാകാരന്മാർക്ക് അക്കാദമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | മലബാർ മേഖലയിലെ പ്രസിദ്ധമായ തെയ്യം, തിറ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ; | (എ) | തെയ്യം, തിറ എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിനായി വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതിയിൽ ഈ കലാ വിഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. തെയ്യത്തിനായി 30 ഫെല്ലോഷിപ്പും തിറയ്ക്കായി 15 ഫെല്ലോഷിപ്പും നിലവിലുണ്ട്. കേരള ഫോക്‌ലോർ അക്കാദമിയുടെ നേതൃത്വത്തിൽ തെയ്യം, തിറ ഉൾപ്പെടെയുള്ള കലാരൂപങ്ങളുടെ പഠനവും പരിപോഷണവും നടത്തി വരുന്നു. പാരമ്പര്യമായി ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് വിവിധ പുരസ്കാരങ്ങൾ എല്ലാ വർഷവും അക്കാദമി നൽകി വരുന്നു. പത്ത് മുതൽ പതിനേഴ് വയസ്സ് വരെയുള്ള കുട്ടികൾക്ക് ഒരു വർഷം നാടൻകലാപരിശീലനം തേടുന്നതിനുള്ള സ്റ്റൈപ്പന്റ് അക്കാദമി അനുവദിക്കുന്നുണ്ട്. അവശകലാകാരനാർക്കുള്ള ചികിത്സാധനസഹായ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത മേഖലയിലെ കലാകാരന്മാർക്ക് വേണ്ടി അക്കാദമി സ്ഥാപിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | (ബി) | നിലവിൽ കേരള ഫോക് ലോർ അക്കാദമിയുടൈ നേതൃത്വത്തിൽ തെയ്യം, തിറ ഉൾപ്പെടെയുള്ള കലാരൂപങ്ങളുടെ പഠനവും പരിപോഷണവും നടത്തി വരുന്നു. തലശ്ശേരി ചൊക്ലിയിൽ തെയ്യംകലാ അക്കാദമി സ്ഥാപിക്കുന്നതിനായി 25,00,000/- (ഇരുപത്തി അഞ്ച് ലക്ഷം രൂപാ മാത്രം) രൂപ അനുവദിച്ച് 20.02.2021 തീയതിയിൽ സ.ഉ.(സാധാ.)നമ്പർ 129/2021/സാം.കാ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ